**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം: *86** | **04.03.2020- ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളികളുടെ ഡാറ്റാബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് എത്ര ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന് അറിയിക്കാമോ;<br>(ബി) ഇവരുടെ ഡാറ്റാബാങ്ക് തൊഴിൽ വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഇവർക്ക് തിരിച്ചറിയൽ കാർഡ് നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) യും (ബി) യും സംസ്ഥാനത്ത് ജോലി നോക്കി വരുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ തൊഴിൽ വകുപ്പ് നടപ്പിലാക്കിയ ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരം ശേഖരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 27.02.2020 വരെ 5,07,246 ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നൽകി തിരിച്ചറിയൽ കാർഡ് ലഭ്യമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 31.01.2020 വരെ 55,520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഇതരസംസ്ഥാന തൊഴിലാളികളിൽ കുറ്റവാളികളും ഉൾപ്പെട്ടിട്ടുള്ളതിനാൽ ഇവരെ നിരീക്ഷിക്കുന്നതിന് തൊഴിൽ വകുപ്പ് ആഭ്യന്തര വകുപ്പുമായി ചേർന്ന് എന്തെങ്കിലും സംവിധാനം ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) ആഭ്യന്തര/ തദ്ദേശസ്വയംഭരണ/ ആരോഗ്യ വകുപ്പുകളുമായി കൂടി ആലോചിച്ചാണ് തൊഴിൽ വകുപ്പ് മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ/ വിവര ശേഖരണ/ തിരിച്ചറിയൽ കാർഡ് വിതരണ പദ്ധതിയായ "ആവാസ്" നടപ്പിലാക്കി വരുന്നത്. തൊഴിൽ വകുപ്പ് ആരംഭിച്ച ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖാന്തിരം ശേഖരിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ആഭ്യന്തര വകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് ടി വകുപ്പിന് ലഭ്യമാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ.